**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3625** | **08-10-2025 - ൽ മറുപടിയ്ക്ക്**

**ഭൂമിയുടെ ന്യായവില വർദ്ധന**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) |

**ചോദ്യം**

(എ) ഈ സർക്കാരിന്റെ കാലത്ത് ഭൂമിയുടെ ന്യായവില വർദ്ധനവിലൂടെ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഇനങ്ങളിൽ എത്ര വരുമാനം ലഭിച്ചിട്ടുണ്ടെന്നും എത്ര രജിസ്ട്രേഷൻ നടന്നിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

**ഉത്തരം**

(എ) ഈ സർക്കാരിന്റെ കാലത്ത്, നിലവിലുണ്ടായിരുന്ന ഫെയർവാല്യുവിൽ 01.04.2022 മുതൽ 10% വർദ്ധനവും (ആയതു പ്രകാരം 01.04.2010 തീയതി മുതൽ പ്രാബല്യത്തിൽ വന്നിരുന്ന അടിസ്ഥാന ഫെയർവാല്യുവിന്റെ 220%), അപ്രകാരമുള്ള ഫെയർവാല്യുവിൽ 01.04.2023 മുതൽ 20% വർദ്ധനവും (ആയതു പ്രകാരം 01.04.2010 തീയതി മുതൽ പ്രാബല്യത്തിൽ വന്നിരുന്ന അടിസ്ഥാന ഫെയർവാല്യുവിന്റെ 264%) വരുത്തിയിട്ടുണ്ട്.

മുൻ വർഷത്തെ അപേക്ഷിച്ച്, 2022-23 സാമ്പത്തിക വർഷം ആധാരങ്ങളുടെ എണ്ണത്തിലും വരുമാനത്തിലും ഉണ്ടായ വർദ്ധനവ് ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്നു.

| | 2021-22 | 2022-23 | വർദ്ധനവ് |
|---|---|---|---|
| ആധാരങ്ങളുടെ എണ്ണം | 9,26,487 | 10,36,863 | 1,10,376 |
| സ്റ്റാമ്പ് ഡ്യൂട്ടി (കോടി രൂപയിൽ) | 3246.81 | 4138.57 | 891.76 |
| രജി.ഫീസ് (കോടി രൂപയിൽ) | 1185.07 | 1523.54 | 338.47 |
| ആകെ (കോടി രൂപയിൽ) | 4431.89 | 5662.12 | 1230.23 |

എന്നാൽ ഫെയർവാല്യുവിൽ 01.04.2023 മുതൽ 20% വർദ്ധനവ് ഉണ്ടായിട്ടും 2023-24 -ൽ, 2022-23 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച്, ആധാരങ്ങളുടെ എണ്ണത്തിലും വരുമാനത്തിലും കുറവാണ് ഉണ്ടായിട്ടുള്ളത്. ആയത് ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്നു.

| | 2022-23 | 2023-24 | കുറവ് |
|---|---|---|---|
| ആധാരങ്ങളുടെ എണ്ണം | 10,36,863 | 886065 | 150798 |
| സ്റ്റാമ്പ് ഡ്യൂട്ടി (കോടി രൂപയിൽ) | 4138.57 | 3819.86 | 318.71 |
| രജി.ഫീസ് (കോടി രൂപയിൽ) | 1523.54 | 1399.49 | 124.05 |
| ആകെ (കോടി രൂപയിൽ) | 5662.12 | 5219.34 | 442.78 |

| | | | |
|---|---|---|---|
| | | | ഫെയർവാല്യൂ വർദ്ധനവിലൂടെ മാത്രമായി എത്ര രൂപ അധികവരുമാനം ലഭിച്ചു എന്നത് വകുപ്പ് തലത്തിൽ കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ